പതിനാലാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2828 — 18/06/2018 -ൽ മറുപടിയ്ക്ക്

## സ്ഥിരാദ്ധ്യാപകരില്ലാത്ത സ്കൂളുകളിലെ വിദ്യാഭ്യാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ഥിരാദ്ധ്യാപകരില്ലാത്ത എത്ര സ്കൂളുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ സംസ്ഥാനത്ത് സ്ഥിരാദ്ധ്യാപകരില്ലാത്ത എത്ര സ്കൂളുകളാണ് നിലവിൽ ഉള്ളത് എന്നത് സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.<br>ഹയർ സെക്കന്ററി സ്കൂളുകളിൽ 2015-16 അധ്യയന വർഷം അനുവദിച്ച സ്കൂളുകളിൽ/ബാച്ചുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടില്ല . ടി സ്കൂളുകളിൽ താൽക്കാലിക അദ്ധ്യാപകരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. തസ്തിക സൃഷ്ടിച്ചിട്ടുള്ള എല്ലാ സ്കൂളുകളിലും സ്ഥിരം അദ്ധ്യാപരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. |
| (ബി) ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉത്തമ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും പാഠ്യേതര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉത്തമ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും പാഠ്യേതര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അധ്യാപകരെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഹയർ സെക്കന്ററി വകുപ്പിൽ സ്ഥിരാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകർ തന്നെ സ്കൂൾ പ്രിൻസിപ്പാളിന്റേയും മറ്റു സ്കൂളുകളിൽ പ്രാവീണ്യം നേടിയ അദ്ധ്യാപകരുടേയും സഹായത്തോടെ പാഠ്യേതര പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്ന അവസരത്തിൽ സ്ഥിരാദ്ധ്യാപകരില്ലാത്തത് സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങളെയും വിദ്യാർത്ഥികളുടെ പഠന നിലവാരത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; | (സി) ഇല്ല. സ്കൂൾ വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ സ്ഥിരാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ അദ്ധ്യാപകരെ കണ്ടെത്തി കരാർ അടിസ്ഥാനത്തിൽ നിയമിച്ച് അധ്യയനം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(ഡി) എങ്കിൽ ഇത്തരം സ്കൂളുകളിൽ സ്ഥിരാദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ